LIBRARY ARCHIVES Kerala Legislative Assembly

- പച്ചക്കറി കർഷകരെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും മോചിപ്പിക്കുന്നതിനായി കർഷകരിൽനിന്നും ഹോർട്ടികോർപ്പ് (HORTICORP) പച്ചക്കറികൾ നേരിട്ട് സംഭരിക്കുന്നുണ്ട്.

- സംസ്ഥാനത്തെ 6 കാർഷിക മൊത്ത വ്യാപാര വിപണികളിലും ഉല്പന്നങ്ങൾ നേരിട്ട് വിൽക്കുന്നതിനുള്ള സൗകര്യം കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

- കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പകൾ യഥാസമയം വാണിജ്യ ബാങ്കുകളിൽനിന്നും ലഭിക്കുന്നതിന് കിസാൻ ക്രെഡിറ്റ് കാർഡ് നൽകുന്നുണ്ട്.

- പ്രകൃതിക്ഷോഭംമൂലം കൃഷിനാശം ഉണ്ടാകുന്ന കർഷകർക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പരിരക്ഷ നൽകുന്നുണ്ട്.

- 60 വയസ്സ് പൂർത്തിയാക്കിയ ചെറുകിട നാമമാത്ര കർഷകർക്ക് കർഷക പെൻഷൻ നൽകുന്നുണ്ട്.

- സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കർഷക രജിസ്ട്രേഷൻ പൂർത്തിയാക്കി വരുന്നു. രജിസ്റ്റർ ചെയ്ത എല്ലാ കർഷകർക്കും വിവിധ കാർഷിക വികസന പദ്ധതികളിൽ അനുവദിക്കുന്ന ധനസഹായം അവരുടെ ബാങ്ക് അക്കൗണ്ടുകൾവഴി ലഭ്യമാകുന്നതാണ്.

- സംസ്ഥാന കൃഷി വകുപ്പും ത്രിതല പഞ്ചായത്തും നടപ്പിലാക്കുന്ന എല്ലാ പദ്ധതികൾക്കും സമയബന്ധിതമായി സാമ്പത്തിക സഹായം നൽകിവരുന്നു.

- കീടരോഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് സമയബന്ധിതമായ കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾക്ക് പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കൂടാതെ 2011-12-ൽ വയനാട് ജില്ലയിൽ കർഷക ആത്മഹത്യ കൂടുതലായി റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് വിവിധ പരിഹാര നടപടികൾ പ്രസ്തുത കാലയളവിൽ സ്വീകരിച്ചിരുന്നു.

അർബൻ 2020

18 (*138) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അർബൻ 2020 പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) നഗരങ്ങളുടെ മുഖച്ഛായ മാറ്റാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഡി) പദ്ധതിയുടെ നിർവ്വഹണത്തിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദമാക്കുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) അർബൻ 2020 എന്ന പദ്ധതിക്ക് 2014 ഒക്ടോബർ 15-ാം തീയതി തുടക്കം കുറിച്ചിട്ടുണ്ട്. നഗരവികസനവുമായി ബന്ധപ്പെട്ട് വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ സാങ്കേതിക, സാമ്പത്തിക സഹായം നഗരസഭകൾക്ക് ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടാണ് പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുള്ളത്.

(ബി) നഗരവികസനവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളുടെയും ദീർഘകാല വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള വിശദവും യോഗ്യവുമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക എന്നതാണ് അർബൻ 2020 പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. സ്വന്തം നിലയിൽ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ ആതനമായ സാങ്കേതിക പരിജ്ഞാനവും, തനത് ഫണ്ടും ലഭ്യമല്ലാത്ത നഗരസഭകൾക്ക് ഉയർന്ന സാങ്കേതിക വൈദഗ്ധ്യമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ.-കൾ) കാലേക്കൂട്ടി തയ്യാറാക്കാനും, പ്രസ്തുത ഡി.പി.ആർ.-കൾ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര സർക്കാരും മറ്റ് ഫണ്ടിംഗ് ഏജൻസികളും നൽകിവരുന്ന ഗ്രാന്റുകൾ നേടിയെടുക്കുന്നതിനും നഗരസഭകളെ സഹായിക്കുകയുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ, സോളിഡ് വേസ്റ്റ് മാനേജ്മെന്റ്, അർബൻ ട്രാൻസ്പോർട്ട്, റോഡ്സ് ആന്റ് ബ്രിഡ്ജസ്, അർബൻ റിന്യൂവൽ (ഹെറിറ്റേജ്, മാർക്കറ്റ്, ആർക്കിടെക്ച്ചറൽ വർക്ക്സ്) എന്നീ നാല് മേഖലകളിൽ ദീർഘകാല അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കിയുള്ള പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളാണ് അർബൻ 2020 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയായി കെ.എസ്.യു.ഡി.പി.-യെയും, ഡി.പി.ആർ.-കൾ തയ്യാറാക്കുന്ന കൺസൾട്ടൻസി സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിനും ഡി.പി.ആർ.-കൾക്ക് അന്തിമ അംഗീകാരം നൽകുന്നതിനുമായി തദ്ദേശസ്വയംഭരണ (നഗരകാര്യ) വകുപ്പ് സെക്രട്ടറി ചെയർമാനായി ഒരു സംസ്ഥാനതല സെലക്ഷൻ കമ്മിറ്റിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുത്ത 31 കൺസൾട്ടൻസി സ്ഥാപനങ്ങളെ ഇതിനകം എംപാനൽ ചെയ്തിട്ടുണ്ട്. ഈ കൺസൾട്ടിംഗ് ഏജൻസികൾ മുഖേന നഗരസഭകൾ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടുകൾ വിലയിരുത്തുന്നതിന് നാല് ടെക്നിക്കൽ എക്സ്പെർട്ട് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

ചക്കയുടെ ശേഖരണ സംസ്കരണ വിപണന രംഗത്തെ പദ്ധതികൾ

19 (*139) ശ്രീ. വി. എം. ഉമ്മർമാസ്റ്റർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൽപ്പാദിപ്പിക്കപ്പെടുന്ന പഴവർഗ്ഗങ്ങളിൽ പ്രധാനമായ ചക്കയുടെ ശേഖരണ സംസ്കരണ വിപണന രംഗത്ത് കൃഷി വകുപ്പ് എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും എന്തൊക്കെ സഹായങ്ങളാണ് ഇതിനായി നൽകുന്നതെന്നും വ്യക്തമാക്കുമോ ;

(ബി) പ്രതിവർഷ ശരാശരി ചക്ക ഉൽപാദനത്തെയും ഉപയോഗത്തെയും സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) പ്രാദേശിക ഭക്ഷ്യ വിഭവമെന്നതിലുപരി, മൂല്യവർദ്ധിത ഉൽപന്നങ്ങൾക്കുള്ള വിഭവമെന്ന നിലയിൽ ഇതിന് പ്രാധാന്യം നൽകി ഉപയുക്തമാക്കാൻ നടപടി സ്വീകരിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) 2012-13 സാമ്പത്തിക വർഷം കൃഷി വകുപ്പിന്റെ 'മൂല്യവർദ്ധനവ്' പദ്ധതിപ്രകാരം പത്തനംതിട്ട ജില്ലയിലെ ഭാരതീയ കാർഷിക ഗവേഷണ

LIBRARY ARCHIVES Kerala Legislative Assembly